മൂന്നാം ഘട്ടത്തിൽ 53 റോഡുകൾക്ക് അനുമതി ലഭിച്ചു. 48 റോഡുകളുടെ പണി പുരോഗമിച്ചു വരുന്നു. 4 റോഡുകളുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഒരു റോഡിന്റെ പണി പഞ്ചായത്ത് മറ്റൊരു സ്കീമിൽ ഏറ്റെടുത്ത് നടപ്പിലാക്കിയതിനാൽ ഉപേക്ഷിച്ചു.

നാലാം ഘട്ടത്തിൽ 96 റോഡുകൾക്ക് അനുമതി ലഭിച്ചു. അതിൽ 91 റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) അതിയന്നൂർ, നേമം, പാറശ്ശാല എന്നീ ബ്ലോക്കുകളിലെ റോഡുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നിലവിലുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ അഞ്ഞൂറിലധികം ജനസംഖ്യയുള്ളതും റോഡു ബന്ധമില്ലാത്തതുമായ ആവാസ കേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ റോഡുമായി ബന്ധപ്പെട്ട് കിടക്കുന്ന ഏതെങ്കിലും ആവാസ കേന്ദ്രവുമായോ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുന്ന പദ്ധതിയാണ് പി.എം.ജി.എസ്.വൈ. എം.പി.മാർ, എം.എൽ.എ.മാർ എന്നിവർ പങ്കെടുക്കുന്ന ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽവച്ച് തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നിന്നുള്ള റോഡുകൾ ഉൾപ്പെടുന്ന ഓരോ പാക്കേജിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി ഗ്രാമവികസന കമ്മീഷണറേറ്റിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അംഗീകാരത്തോടെ സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിക്ക് പരിശോധനയ്ക്കായി നൽകുന്നു. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെയാണ് സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി ചെയർമാനും ഗ്രാമവികസന വകുപ്പ് സെക്രട്ടറി കൺവീനറുമായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും കമ്മിറ്റിയുടെ അനുമതി വാങ്ങി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ തലത്തിൽ ഡി.ആർ.ഡി.എ. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ടെണ്ടർ ചെയ്താണ് പി.എം.ജി.എസ്.വൈ. പണി നടപ്പാക്കുന്നത്.

സഡക് യോജന പദ്ധതി

118 [678] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രധാനമന്ത്രിയുടെ സഡക്യോജന പദ്ധതിയനുസരിച്ച് 2001-ൽ ആരംഭിച്ച 4 റോഡുകളിൽ, ആനന്ദവിലാസം-പോളിച്ചിറ റോഡ്, പുന്നൂർ-ഇടപ്പനം റോഡ് എന്നിവയുടെ പണികൾ തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, കാരണങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുമോ എന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആനന്ദവിലാസം-പോളിച്ചിറ റോഡ്:—പോളിച്ചിറ കലുങ്കിന്റെ നിർമ്മാണത്തിനായി തേക്ക് പൈലിംഗായിരുന്നു എസ്റ്റിമേറ്റിൻ പ്രകാരം അനുവദിച്ചിരുന്നത്. എന്നാൽ നിർമ്മാണ വേളയിൽ തേക്ക് പൈലിംഗ് സാദ്ധ്യമല്ലാതെ വരുകയും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തെകൊണ്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കോൺക്രീറ്റ് പൈലിംഗ് നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ള പ്രവർത്തിയാകയാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനുശേഷം ടി പ്രവർത്തിക്ക് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അംഗീകാരം നേടി. എന്നാൽ നിർമ്മാണ വേളയിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി മേണിറ്റർ കലുങ്കു നിർമ്മാണത്തിന്റെ ഡിസൈനിൽ മാറ്റം നിർദ്ദേശിച്ചു. ആയതിനാൽ എസ്റ്റിമേറ്റ് വീണ്ടും റിവൈസ് ചെയ്തു. അംഗീകാരം നേടിയ എസ്റ്റിമേറ്റ് പ്രകാരം ഇപ്പോൾ പ്രവർത്തി പുരോഗമിക്കുകയാണ്.

പുന്നൂർ-ഇടപ്പനം റോഡ്:—ടെലിഫോൺ കേബിൾ ഇടുന്നതിനായി റോഡിന്റെ മദ്ധ്യഭാഗം നീളത്തിൽ അനുവാദം കൂടാതെ കുഴിച്ചതുകാരണം റോഡിന്റെ നിർമ്മാണ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. ഇപ്പോൾ ബി.എസ്.എൻ.എൽ. അധികൃതർ നഷ്ടപരിഹാര തുക അടച്ചിട്ടുണ്ട്. പ്രവർത്തി ഇപ്പോൾ പുരോഗതിയിലാണ്.

(സി) 31 മാർച്ച് 2006 നകം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഇന്ദിരാ ആവാസ് യോജന പ്രകാരം ലഭിച്ച തുക

119 [680] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, എം. എ. കുട്ടപ്പൻ :
,, കെ. മുഹമ്മദാലി :
,, ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയനുസരിച്ച് ഈ വർഷത്തേക്ക് സംസ്ഥാനത്തിന് എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു ;

(ബി) ഈ പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ വർഷം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി ?

ഉത്തരം

(എ) 51,69,28,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly